# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

**കലശമല ഇക്കോ ടൂറിസം പദ്ധതി വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ**
തൃശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വന്നൂർ വില്ലേജുകൾ

**റവന്യൂ (ബി) വകുപ്പ് ചുമതലപ്പെടുത്തിയത്**




**അർത്ഥനാധികാരി**

**ടൂറിസം വകുപ്പ്, തിരുവനന്തപുരം**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി ഔട്ട്റീച്ച്**
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104
ഫോൺ: 0484 2911332/2550785
outreach@rajagiri.edu
rossrajagiri@gmail.com
www.rajagirioutreach.in


**17 സെപ്റ്റംബർ 2022**

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

## അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

## അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്േറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ

3.4.1. പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

പരിസ്ഥിതിയോടിണങ്ങി മനുഷ്യൻെറയും പ്രകൃതിയുടേയും ആരോഗ്യത്തിനും നിലനിൽപ്പിനും പ്രാധാന്യം നൽകുന്ന ആസൂത്രിതമായ വിനോദ സഞ്ചാരമാണ് ഇക്കോ ടൂറിസം. പരിസ്ഥിതിയെ കുറിച്ച് ശരിയായ പഠനം നടത്താതെ ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള വികസന പദ്ധതികളിൽ നിന്ന് വ്യത്യസ്ഥമായി പ്രകൃതിക്കിണങ്ങും വിധം ഉള്ള പദ്ധതികളിലൂടെ നേട്ടം ഉണ്ടാക്കുകയാണ് ഇക്കോ ടൂറിസം കൊണ്ട് ലക്ഷ്യമിടുന്നത്. വിനോദ സഞ്ചാരികളെ ധാരാളമായി ആകർഷിക്കാൻ പറ്റിയ ഒരു സംസ്ഥാനമാണ് കേരളം. പക്ഷെ, നമ്മുക്ക് ടൂറിസ്റ്റ് മേഖലകളിൽ നിന്നുള്ള സൗകര്യങ്ങൾ കുറവാണ്. ഇക്കോ ടൂറിസം വഴി ടൂറിസ്റ്റ് മേഖലയിൽ പ്രകൃതി സംരക്ഷണത്തിനുതകുന്ന വിധത്തിലുള്ള പരിഷ്ക്കാരങ്ങൾ നടത്താൻ കഴിയുന്നതാണ്. വിനോദത്തിനു പുറമെ പ്രകൃതി നിരീക്ഷണം, പക്ഷി നിരീക്ഷണം, മലകയറ്റം, വനസഞ്ചാരം എന്നിവയെല്ലാം ഇക്കോ ടൂറിസത്തിൽ ഉൾപ്പെടുന്നു.

പോർക്കളം ഗ്രാമ പഞ്ചായത്തിൽ അകതിയൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കല്ലഴി കുന്നെന്നും, നരിമട കുന്നെന്നും അറിയപ്പെടുന്ന കലശമല കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജൈവ വൈവിധ്യ ടൂറിസ്റ്റ് കേന്ദ്രമാണ്. ഈ സ്ഥലം പൂർണ്ണമായും കാടിനാൽ ചുറ്റപ്പെട്ട് കിടക്കുന്നു. ഗുഹയും, വെള്ളച്ചാട്ടവും, ക്ഷേത്രവും കുടക്കല്ലുമൊക്കെ ഈ കുന്നിനെ ചുറ്റപ്പെട്ട് ഉള്ള പ്രധാന ആകർഷണങ്ങളാണ്. ഈ പ്രദേശം ചില വിശ്വാസങ്ങളാലും ചരിത്ര പരമായ കഥകളാലും ബന്ധപ്പെട്ട് കിടക്കുന്നു. കൂടാതെ, പല തരത്തിലുള്ള ആയുർവേദ സസ്യങ്ങളാലും ചെടികളാലും സമൃദ്ധമാണി പ്രദേശം. സന്ദർശകർക്ക് പ്രകൃതിയുടെ അഭൗമമായ സൗന്ദര്യം ആസ്വദിക്കാനുള്ള അവസരമാണ് ഇവിടം സന്ദർശിക്കുമ്പോൾ ലഭിക്കുന്നത്. എന്നാൽ, ടി പ്രദേശത്തെ ജനങ്ങൾക്ക് ടൂറിസത്തെക്കുറിച്ച് ശരിയായ അവബോധമില്ലാത്തത് മൂലം ഇവിടം ഇപ്പോൾ അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമല്ല. എന്നാൽ, ഈ സ്ഥലത്തിൻെറ പ്രത്യേകതകൾ വച്ച് നോക്കുമ്പോൾ കലശമലയെ നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് വേണ്ട എല്ലാ സാധ്യതകളുമുണ്ട്.

ഈ സാധ്യതകൾ കണക്കിലെടുത്തുകൊണ്ടും പ്രാദേശിക ജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിച്ചുകൊണ്ടും ജൈവ വൈവിധ്യത്തിൻെറ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടേയും കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 b (vi) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

പദ്ധതിക്ക് വേണ്ടി അതായത് കലശമല ഇക്കൊ ടൂറിസ്റ്റ് കേന്ദ്രത്തിൻെറ നവീകരണത്തിന് വേണ്ടിയും അതുമായി ബന്ധപ്പെട്ട റോഡിൻെറ വീതി കൂട്ടുന്നതിന് വേണ്ടിയും ഏറ്റെടുക്കുന്ന സ്ഥലങ്ങൾ തൃശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്നുള്ള പ്രദേശങ്ങളാണ്. കലശമല ടൂറിസ്റ്റ് കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം തരിശായി കിടക്കുന്ന ഭൂമിയാണ്. വേലിയോ മതിയായ സംരക്ഷണ കവചമോ ഇല്ലാത്തതിനാൽ പുറമെ നിന്നുള്ള ആളുകൾക്ക് എളുപ്പത്തിൽ അകത്തേക്ക് പ്രവേശിക്കാൻ സാധിക്കും. കലശമല കുന്നിന് മുകളിലായി കാണുന്ന നരിമട ഗുഹ, പ്രദേശത്തെ പ്രധാന ആകർഷണമാണ്. കല്ല് കൊണ്ട് പാകിയ ഈ ഗുഹ പണ്ട് അഗസ്ത്യമുനി തപസ്സ് ചെയ്തിരുന്ന സ്ഥലമായാണ് വിശ്വസിച്ച് പോരുന്നത്. നരിമടക്കു സമീപമായി ഒരു പാറയുണ്ട്. ധാരാളം പച്ചമരുന്നു ചെടികളാൽ സമ്പുഷ്ടമാണ് കലശമലയും പരിസര പ്രദേശങ്ങളും.




കിള്ളിമംഗലം മനയുടേയും അമ്പല ട്രസ്റ്റിൻെറയും നിയന്ത്രണത്തിലുള്ള ചിറയിൽ ശിവ വിഷ്ണു ക്ഷേത്രമാണ് പ്രദേശത്തെ മറ്റൊരു ആകർഷണം. മകര മാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച്ച നടക്കുന്ന മകര ചൊവ്വ ഉത്സവമാണ് ഇവിടത്തെ പ്രധാന ആഘോഷം.

## 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2022 മാർച്ച് 31 തീയതിയിലെ 1084 - ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ റവന്യു (ബി) വകുപ്പിൻെറ വിജ്ഞാപനത്തിൻെറ, 2022 ജൂൺ 10 തീയതിയിലെ തിരുത്തൽ വിജ്ഞാപന (1935 - ാം നമ്പർ കേരള ഗസറ്റ് അസാധാരണം) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. ടൂറിസ്റ്റ് കേന്ദ്രത്തിൻെറ വികസനത്തിനും അതിലേക്കുള്ള റോഡിൻെറ വീതി കൂട്ടുന്നതിനുമായി അകതിയൂർ വില്ലേജിൽ നിന്നും 6.4748 ഹെക്ടർ സ്ഥലവും റോഡിൻെറ വീതി കൂട്ടുന്നതിലേക്ക് മാത്രമായി ചൊവ്വണ്ണൂർ വില്ലേജിൽ നിന്നും 0.0835 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥലവിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

| താലൂക്ക് | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| കുന്നംകുളം | ചൊവ്വണ്ണൂർ | 219/17, 219/18pt | 6.5583 |
| | അകതിയൂർ | 423/1, 423/8, 423/9pt, 423/7pt, 423/5pt, 423/4pt, 423/3pt, 422/1, 422/7pt, 422/2, 422/4pt, 422/11pt, 416/10pt, 416/5pt, 416/3pt, 428/2pt, 428/3pt, 428/4pt, 427/10pt, 427/9pt, 431/1, 431/6pt, 431/7, 431/8, 432, 433/4, 433/5, 433/6, 433/7, 434/3, 434/4, 434/5, 434/6, 427/2pt, 427/8pt, 428/1pt | |
| **ആകെ** | | | **6.5583** |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിലവിലുള്ള കലശമല ടൂറിസ്റ്റ് കേന്ദ്രത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും, ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള റോഡ് വീതി കൂട്ടി മോടി പിടിപ്പിച്ചും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിലാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായ് വിവരങ്ങൾ ലഭിച്ചിട്ടില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അകതിയൂർ വില്ലേജിൽ നിന്നും 6.4748 ഹെക്ടർ സ്ഥലവും ചൊവ്വണ്ണൂർ വില്ലേജിൽ നിന്നും 0.0835 ഹെക്ടർ സ്ഥലവും കൂടി ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തിൻെറ സമീപത്ത് ജീവിക്കുന്ന കുടുംബങ്ങൾക്കും ചെറിയ തോതിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചു. ഏകദേശം 20 ൽ കൂടുതൽ ഉടമകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ അടിസ്ഥാനത്തിൽ പഠനസംഘം വിലയിരുത്തുന്നു. ഭൂവുടമകളിൽ പലരും പദ്ധതി പ്രദേശത്ത് നിന്ന് വിദൂരത്തിൽ താമസിക്കുന്നവരാണെന്നതിനാലും ഇവരെ ബന്ധപ്പെടുവാനുള്ള വിലാസമോ ഫോൺനമ്പറോ ലഭ്യമല്ലാതിരുന്നതിനാലും ഭൂവുടമകളിൽ എല്ലാവരെയും പഠനത്തിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്കായി റോഡ് വീതി കൂട്ടുമ്പോൾ സ്ഥലം നഷ്ടപ്പെടുന്ന അകതിയൂർ വില്ലേജിലെ 9 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം വിവരശേഖരണം നടത്തിയത്. ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെയാണ് വിവരശേഖരണം നടത്തിയത്. എന്നിരുന്നാലും, ടൂറിസ്റ്റ് കേന്ദ്രത്തിൻെറ നവീകരണത്തിനായി/വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ നരിമട കുന്നിന് സമീപ പ്രദേശത്ത് നിന്നും ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമകളെ കണ്ടെത്തുന്നതിനായി പഠന സംഘത്തിന് സാധിച്ചിട്ടില്ല.

ഭൂമിയുടെ അളവ് കുറയുക, ചെറിയ മരങ്ങൾ / അടുക്കള തോട്ടം നഷ്ടപ്പെടുക എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ. പഠനത്തിൽ പങ്കെടുത്തവർ നൽകിയ വിവരമനുസരിച്ച് ഓരോ ഭൂവുടമക്കും നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | ആഘാതബാധിതമാകുന്ന *കുടുംബങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| **ഭൂമി പദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷടമാകൽ / അളവ് കുറയൽ | ഏകദേശം 20 ൽ കൂടുതൽ | 9 ഭൂവുടമകളെ മാത്രമാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 1 ഭൂവുടമ | സീത (423/7) എന്ന ഭൂവുടമയുടെ വീടിനോട് വളരെ ചേർന്ന് റോഡ് പോകുമ്പോൾ വീടിൻെറ സൺഷേഡിനെ ബാധിക്കുമോ എന്ന ആശങ്ക അറിയിച്ചു |
| 3 | അവശ്യ സൗകര്യങ്ങൾ | 0 | അവശ്യ സൗകര്യങ്ങൾ ഒന്നും തന്നെ ആർക്കും നഷ്ടപ്പെടുന്നില്ല. |
| 4 | മറ്റ് നിർമ്മിതികൾ | 2 ഭൂവുടമകൾ | ചുറ്റുമതിൽ (2), ഗേറ്റ് (1), ഗേറ്റ് പില്ലർ (1), പശു തൊഴുത്ത് (1), |
| **കൃഷി / മരങ്ങൾ നഷ്ടമാകൽ** | | | |
| 5 | കൃഷി / മരങ്ങൾ നഷ്ടമാകൽ | 3 ഭൂവുടമകൾ | വലിയ തോതിലുള്ള കൃഷിയോ, മരങ്ങളോ ആർക്കും നഷ്ടപ്പെടുന്നില്ല. എങ്കിലും 3 ഭൂവുടമകൾക്ക് ചെറിയ രീതിയിൽ പച്ചക്കറി തോട്ടമോ, നെല്ലി, പുളി, പ്ലാവ്, ബദാം, പൂള, അയിനി തുടങ്ങിയ മരങ്ങളോ നഷ്ടപ്പെടും |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 6 | ഉപജീവനമാർഗം/ വരുമാനം നഷ്ടമാകൽ | 0 ഭൂവുടമകൾ | പദ്ധതി മൂലം ആർക്കും ഉപജീവന മാർഗ്ഗം / വരുമാനം നഷ്ടപ്പെടുന്നില്ല. |

| പ്രവേശനമാർഗം നഷ്ടമാകൽ / തടസ്സപ്പെടൽ | | | |
|---|---|---|---|
| 7 | നിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം തടസ്സപ്പെടൽ | 9 ഭൂവുടമകൾ | ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള റോഡിന്റെ പണി നടക്കുമ്പോൾ സമീപ പ്രദേശത്ത് താമസിക്കുന്ന വീട്ടുകാർക്ക് തങ്ങളുടെ വീടുകളിലേക്ക് പ്രവേശനം തടസ്സപ്പെട്ടേക്കാം. |
| 8 | പൊതുമുതൽ ആഘാതബാധിത മാകൽ | | അകതിയൂർ വില്ലേജിൽ 18 സർവ്വെ നമ്പറു കളിലെ പുറമ്പോക്ക് ഭൂമിയും ചൊവ്വന്നൂർ വില്ലേജിൽ സർവ്വെ നമ്പർ 219/17 ലെ പൊതുവഴിയും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട് |
| **മറ്റ് പ്രത്യാഘാതങ്ങൾ** | | | |
| 9 | ആരോഗ്യ പ്രശ്നങ്ങൾ/അപ കട സാധ്യതകൾ | | നിർമ്മാണ ഘട്ടത്തിൽ പൊടിശല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 10 | പരിസര മലിനീകരണം | | നിർമ്മാണ മാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

*പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും*

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 3 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 4 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 5 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |
| 6 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കലശമലയെ നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് വേണ്ട സാധ്യതകൾ കണക്കിലെടുത്തുകൊണ്ടും പ്രാദേശിക ജനങ്ങൾക്ക് തൊഴിൽ നൽകിക്കൊണ്ട് ജൈവ വൈവിധ്യത്തിൻെറ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടേയും കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b (vi) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ടൂറിസം മേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b (vi) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ വിനോദ സഞ്ചാര മേഖലയുടെ വികസനവും ഉൾപ്പെടുന്നു.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഫാറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.

പദ്ധതിയുടെ നിർമ്മാണം ഘട്ടം ഘട്ടമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിലെ പ്രധാന നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്;

- ടൂറിസ്റ്റ് കേന്ദ്രത്തിൻെറ അകത്തുള്ള റോഡ് വികസിപ്പിക്കൽ
- പാർക്കിങ്ങ് ഏരിയ
- പ്രവേശന ഗേറ്റ്
- ടിക്കറ്റ് കൗണ്ടർ
- വാച്ച്മാൻ കാബിൻ
- വ്യൂവിങ്ങ് ഗാലറിയും, ഭക്ഷണശാലയും, ടോയ്ലറ്റും ഉൾപ്പടെയുള്ള രണ്ട് നില കെട്ടിടം, വ്യൂവിങ്ങ് ഗാലറിക്ക് വേണ്ട ടെലസ്കോപ്പ്
- കുട്ടികളുടെ പാർക്കും അതിലെ നടപ്പാതയും
- മഴ വെള്ളം സംഭരിക്കുന്ന കുളം
- വഴിയോര ഇരിപ്പിടങ്ങൾ, സോളാർ ലൈറ്റുകൾ
- അതിർത്തി വേലികൾ
- അടയാള / വിവരണ ബോർഡുകൾ
- വൈദ്യുതീകരണം
- കുടിവെള്ള ശുചിത്വ പ്രവർത്തനങ്ങൾ
- അഗ്നി സുരക്ഷാ സംവിധാനങ്ങൾ
- മലിന ജല സംസ്കരണ പ്ലാൻറുകൾ
- ആംഫി തിയറ്റർ

പദ്ധതിയുടെ അടുത്ത ഘട്ടം പ്രധാനമായും ടൂറിസ്റ്റ് കേന്ദ്രത്തിന് പുറത്തുള്ള റോഡ് വികസനവും നരിമട വികസനവുമായി ബന്ധപ്പെട്ടതാണ്.

ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപയും രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്ക വിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തീർച്ചപ്പെടുത്തിയിരിക്കുന്നത് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ നിർമ്മാണം 2 ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമായ പദ്ധതിരേഖ വെളിപ്പെടുത്തുന്നു. ആദ്യ ഘട്ടത്തിലെ പ്രവർത്തനങ്ങൾ കലശമല ടൂറിസ്റ്റ് കേന്ദ്രത്തിൻെറ അകത്തുള്ള നവീകരണ / നിർമ്മാണ പ്രവർത്തനങ്ങളാണ്. ഏകദേശം ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപയാണ് ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടം പ്രധാനമായും നരിമട വികസനവുമായി ബന്ധപ്പെട്ട ടൂറിസ്റ്റ് കേന്ദ്രത്തിന് പുറത്തുള്ള റോഡ് വികസനമാണ്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

രൂപരേഖ പ്രകാരം, പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ടൂറിസം സ്പോട്ടിൻെറ അകത്തുള്ള നിർമ്മാണ / നവീകരണ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കുന്നത്. കലശമല ടൂറിസം സ്പോട്ടിൻെറ അകത്തുള്ള റോഡ് വികസിപ്പിക്കൽ, പ്രവേശന ഗേറ്റ്, ടിക്കറ്റ് കൗണ്ടർ, വാച്ച്മാൻ കാബിൻ, കുട്ടികളുടെ പാർക്കും അതിലെ നടപ്പാതയും, മഴ വെള്ളം സംഭരിക്കുന്ന കുളം, വഴിയോര ഇരിപ്പിടങ്ങൾ, അടയാള / വിവരണ ബോർഡുകൾ, വൈദ്യുതീകരണം, കുടിവെള്ള ശുചിത്വ പ്രവർത്തനങ്ങൾ, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, മലിന ജല സംസ്കരണ പ്ലാൻറുകൾ, തുടങ്ങിയവ ഉൾപ്പെടെ താഴെ പറയുന്ന നിർമ്മാണ നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**പാർക്കിംഗ് ഏരിയ:-** പ്രവേശന കവാടത്തിന് സമീപത്തായി, ബസുകൾ, കാറുകൾ, ഇരു ചക്ര വാഹനങ്ങൾ എന്നിവ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സ്ഥലം ഉണ്ടായിരിക്കുക എന്നത് ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽ അവശ്യം വേണ്ട സൗകര്യങ്ങളിൽ

ഒന്നാണ്. ഏകദേശം 40 കാറുകൾക്കും 4 ബസുകൾക്കും സുഗമമായി പാർക്ക് ചെയ്യാവുന്ന രീതിയിലുള്ള ഒരു പാർക്കിംഗ് ഏരിയ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

**ഫെൻസിങ്:–** പദ്ധതി പ്രദേശം വേലി കെട്ടി സംരക്ഷിക്കുക എന്നതാണ് പ്രദേശത്ത് ഏറ്റവും മുൻഗണനാടിസ്ഥാനത്തിൽ ചെയ്യേണ്ടുന്ന പ്രവൃത്തി. ഇതിലൂടെ പുറമെ നിന്നുള്ളവർ പ്രദേശത്തേക്ക് അനധികൃതമായി പ്രവേശിക്കുന്നതും അനാശാസ്യ പ്രവർത്തനങ്ങൾ നടത്തുന്നതും തടയാൻ സാധിക്കും.

**പ്രവേശന കവാടം:–** കേരളത്തിൻെറ പാരമ്പര്യം ഉൾക്കൊള്ളുന്ന രീതിയിലുള്ള ഒരു ആകർഷകമായ പ്രവേശന കവാടമാണ്, പദ്ധതിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു സൗകര്യം.

**വ്യൂവിംഗ് ഗാലറി:–** പടിഞ്ഞാറൻ കടലിലൂടെ പോകുന്ന കപ്പലുകൾ, സമീപ പ്രദേശങ്ങളിലുള്ള പട്ടണങ്ങൾ, കിഴക്കൻ മലനിരകൾ, സൂര്യോദയം, സൂര്യാസ്തമയം തുടങ്ങി നയനാനന്ദകരമായ കാഴ്ചകൾ കാണാൻ കഴിയുന്ന വിധത്തിൽ ആധുനിക ടെലസ്കോപ്പ് സംവിധാനങ്ങളോട് കൂടിയ വ്യൂവിംഗ് ഗാലറി പദ്ധതിയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. മഴയത്തും നല്ല ചൂടുള്ള കാലാവസ്ഥയിലും ഗാലറിയുടെ ഒന്നാം നിലയും, അനുകൂല കാലാവസ്ഥയിൽ റൂഫ് ടോപ്പും ഉപയോഗിക്കാവുന്ന രീതിയിലാണ് ഗാലറി ഡിസൈൻ ചെയ്തിരിക്കുന്നത്.



**കഫറ്റേരിയ & ടോയ്ലെറ്റ്:-** കഫറ്റേരിയ, സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പ്രത്യേകം പ്രത്യേകം ടോയ്ലെറ്റ്സ് എന്നിവയും വ്യൂവിംഗ് ഗാലറിയുടെ ഗൗണ്ട് ഫ്ലോറിലായി നിർമ്മിക്കുന്നു.

**നടപ്പാത:-** സൈറ്റിനരികിലൂടെ ഒരു നടപ്പാതയും, അതോടൊപ്പം മഴവെള്ളം, മഴവെള്ള സംഭരണിയിലേക്കും സുഷിരങ്ങളിലുള്ള പാറകളിലേക്കും മറ്റും ഒഴുക്കിവിടുന്ന തരത്തിലുള്ള സംവിധാനങ്ങളും പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നു.

**ആംഫി തിയ്യേറ്റർ:-** നരിമട ഗുഹക്ക് എതിർവശത്തായി ഒരു തുറന്ന ആംഫി തിയ്യേറ്ററും പദ്ധതി വിഭാവനം ചെയ്യുന്നു

**റെയിൻ ഷെൽറ്റർ**:- പ്രദേശത്തെ മനോഹര കാഴ്ച്ചകൾ ഒട്ടും മറക്കാത്ത രീതിയിൽ ഒരു റെയിൻ ഷെൽറ്ററും പദ്ധതി വിഭാവന ചെയ്യുന്നു.

**കല്ലുപാകിയ വഴികളും വഴിയോര വിളക്കു കാലുകളും:-** സൈറ്റുമായി ഇഴുകി ചേരുന്ന വിധത്തിൽ കല്ലുപാകിയ ഊടു വഴികളും, വഴിയോര വിളക്കു കാലുകളും പദ്ധതിയിൽ ഉൾപ്പെടുന്നു.

## 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

കലശമല ഇക്കൊ ടൂറിസം സ്പോട്ടിൻെറ വികസനവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തേക്കുള്ള റോഡ് വീതി കൂട്ടി മോടി പിടിപ്പിക്കുമ്പോൾ പ്രദേശത്തെ ജനങ്ങളുടെ ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ, ഒരു ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കേണ്ടിയും വരും.

## 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി മറ്റ് പഠനങ്ങൾ നടന്നതായ വിവരങ്ങൾ ലഭ്യമല്ല.

**2.10. ബാധകമായ നിയമങ്ങളും  നയങ്ങളും**

കലശമല ഇക്കൊ ടൂറിസ്റ്റ് കേന്ദ്രത്തിൻെറ വികസനവുമായി ബന്ധപ്പെട്ടും അതിൻെറ ഭാഗമായി പദ്ധതി പ്രദേശത്തേക്കുള്ള റോഡ് വീതി കൂട്ടി നവീകരിക്കുന്നതിനും വേണ്ടി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിൽ ഉൾപ്പെട്ട അഗതിയൂർ, ചൊവ്വണ്ണൂർ എന്നീ വില്ലേജുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് കലശമല ഇക്കൊ ടൂറിസ്റ്റ് കേന്ദ്രത്തിൻെറ വികസനവുമായി ബന്ധപ്പെട്ട് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് റവന്യു (ബി) വകുപ്പിൻെറ 2022 മാർച്ച് 31 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ G.O.(P)No.120/2022/RD പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിൻെറ പ്രൊജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ – സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 10 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 2 | Dr. Fr. സാജു എം. ഡി | എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | Fr. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മരിയ ടെൻസി വി.എസ്. | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 7 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 8 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 34 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 28 വർഷത്തെ പ്രവർത്തന പരിചയം |
| 10 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 06.05.2022 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തിയും ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും, ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) തൃശൂർ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ തയ്യാറാക്കുന്നത്.

**പട്ടിക 3.2.1. പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ**

| തീയതി | ഘട്ടങ്ങൾ |
|---|---|
| **31.03.2022** | പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റി, കളമശ്ശേരിയെ നിയോഗിച്ച് റവന്യു (ബി) വകുപ്പിന്റെ വിജ്ഞാപനം |
| **06.05.2022** | അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നും വിവരശേഖരണം |
| **10.05.2022** | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം & ചോദ്യാവലി പരിശോധന |
| **10.06.2022** | റവന്യു (ബി) വകുപ്പിന്റെ തിരുത്തൽ വിജ്ഞാപനം |
| **25.07.2022** | അഗതിയൂർ വില്ലേജ് ഓഫീസ് സന്ദർശനവും വിവര ശേഖരണവും |
| **25.07.2022** | ഗ്രാമ പഞ്ചായത്ത് സന്ദർശനവും വിവര ശേഖരണവും |
| **27.07.2022** | പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| **09.08.2022** | പ്രാഥമിക & ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| **17.09.2022** | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് |
| **26.09.2022** | പബ്ലിക് ഹിയറിങ് |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പദ്ധതിബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും പഠനത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിച്ചു എങ്കിലും സാങ്കേതികമായ കാരണങ്ങളാൽ പദ്ധതിബാധിത സ്ഥലങ്ങളുടെ എല്ലാ ഭൂവുടമകളെയും കണ്ടെത്തുന്നതിനാ പഠനവിധേയരാക്കുന്നതിന് കഴിഞ്ഞില്ല. പഠന സംഘം കണ്ടെത്തിയ പദ്ധതി ബാധിതരാകുന്ന 9 കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തി.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പിന്നീട് ഇതോടൊപ്പം കൂട്ടിച്ചേർക്കുന്നതാണ്.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ ടൂറിസം വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) തൃശൂർ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന

ത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| **പ്രാഥമിക വിവരങ്ങൾ** | പദ്ധതി പ്രത്യാഘാതങ്ങൾ, പ്രദേശത്തിൻെറ പ്രത്യേകതകൾ, ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |
| **ദ്വിതീയ വിവരങ്ങൾ** | പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • ടൂറിസം വകുപ്പ്, തിരുവനന്തപുരം ഡയറക്ടറുടെ കാര്യാലയം<br>• സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) തൃശൂർ കാര്യാലയം |

**3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

തൃശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട പ്രദേശങ്ങളാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ. ജില്ലയിലെ പ്രശസ്തമായ പുരാതന പട്ടണമാണ് കുന്ദംകുളം. പ്രിൻറിങ്, ബൂക്ക് ബൈൻറിങ് വ്യവസായത്തിന് പേര് കേട്ട സ്ഥലമാണിവിടം. ചേര രാജവംശത്തിൻെറ തലസ്ഥാനമായിരുന്ന മഹോദയപുരത്തിൻെറ ഭാഗമാണ് ഇന്നത്തെ കുന്ദംകുളം. തൃശൂർ പട്ടണത്തിൽ നിന്ന് ഏകദേശം 23 കിലോമീറ്ററും, ഗുരുവായൂരിൽ നിന്ന് ഏകദേശം 10 കിലോമീറ്ററും ദൂരത്തിലാണീ പ്രദേശം. എയ്യൽ, ചൊവ്വണ്ണൂർ ശവകുടീര ഗുഹകൾ, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, മമ്മിയൂർ ക്ഷേത്രം, പുന്നത്തൂർ കോട്ട എന്നിവ സമീപ പ്രദേശങ്ങളിലെ പ്രധാന കേന്ദ്രങ്ങളാണ്.

പദ്ധതി പ്രദേശമായ കലശമല തരിശായി കിടക്കുന്ന ഭൂമിയാണ്. വേലിയോ മതിയായ സംരക്ഷണ കവചമോ ഇല്ലാത്തതിനാൽ പുറമെ നിന്നുള്ള ആളുകൾക്ക് എളുപ്പത്തിൽ അകത്തേക്ക് പ്രവേശിക്കാൻ സാധിക്കും. കലശമല കുന്നിന് മുകളിലായി കാണുന്ന നരിമട ഗുഹ, പ്രദേശത്തെ പ്രധാന ആകർഷണമാണ്. കല്ല് കൊണ്ട് പാകിയ ഈ ഗുഹ പണ്ട് അഗസ്ത്യമുനി തപസ്സ് ചെയ്തിരുന്ന സ്ഥലമായാണ് വിശ്വസിച്ച് പോരുന്നത്. രണ്ട് പ്രവേശന കവാടങ്ങളുണ്ട് എന്നതാണ് ഈ ഗുഹയുടെ പ്രത്യേകത. ഒന്ന് ഗുഹ ആരംഭിക്കുന്നിടത്തും മറ്റൊന്ന് അവസാനിക്കുന്നിടത്തും. അവസാനിക്കുന്ന ഭാഗത്തെ പ്രവേശനം ഇപ്പോൾ അടച്ചിട്ടിട്ടുണ്ട്. അഗസ്ത്യ മുനി നിർമ്മിച്ചതിനാൽ ഇവിടം അഗസ്തിയൂർ എന്നാണ് അറിയപ്പെടുന്നത്. നരിമടക്കു സമീപമായി ഒരു പാറയുണ്ട്. ഈ പാറയിൽ കാണുന്ന പാദമുദ്ര ഹനുമാൻെറതാണെന്നാണ് വിശ്വാസം. രാമ രാവണ യുദ്ധത്തിൽ രാമനും ലക്ഷ്മണനും സാരമായി പരിക്കേറ്റപ്പോൾ, സുഖം പ്രാപിക്കുന്നതിനായി പച്ചമരുന്ന് അന്വേഷിച്ച് ഇവിടേയും സന്ദർശിച്ചു എന്നാണ് വിശ്വാസം. അത് ശരി വക്കുന്ന രീതിയിൽ ധാരാളം പച്ചമരുന്നു ചെടികളാൽ സമ്പുഷ്ഠമാണ് കലശമലയും പരിസര പ്രദേശങ്ങളും.

കലശമല ഇക്കോ ടൂറിസം സ്പോട്ട് നിലവിൽ പോർക്കളം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന പ്രദേശമാണ്. കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഈ ടൂറിസ്റ്റ് സ്പോട്ടിനെ വികസിപ്പിക്കുക / നവീകരിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഇതിൻെറ ഭാഗമായി സ്പോട്ടിലേക്കുള്ള റോഡ് വീതി കൂട്ടി മോടി പിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട അഗതിയൂർ, ചൊവ്വന്നൂർ വില്ലേജുകളിൽ നിന്നുള്ള പ്രദേശങ്ങൾ ആണ്.

ടൂറിസം സ്പോട്ട് വികസിപ്പിക്കുന്നതിൻെറ ഭാഗമായി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പ്രധാനമായും ഗവൺമെൻറ് ഭൂമിയൊ, സ്വകാര്യ വ്യക്തികളുടെ സ്ഥലമോ ആണ്. ഈ ഭൂമി നിലവിൽ തരിശായി കിടക്കുന്ന സ്ഥലമാണ്. അഗതിയൂർ വില്ലേജ് പരിധിയിൽ ഉൾപ്പെടുന്ന ഈ സ്ഥലങ്ങളുടെ ഉടമസ്ഥർ വർഷങ്ങളായി പദ്ധതി പ്രദേശത്തൊ സമീപ പ്രദേശങ്ങളിലൊ താമസിക്കുന്നതായി അറിവില്ല. എന്നാൽ റോഡ് വീതി കൂട്ടുന്നതിൻെറ ഭാഗമായി അഗതിയൂർ വില്ലേജ് പരിധിയിൽ നിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ പ്രധാനമായും ഉടമകൾ താമസത്തിനായി ഉപയോഗിക്കുന്നതും, ചൊവ്വന്നൂർ വില്ലേജ് പരിധിയിലുള്ള രണ്ട് സർവ്വെ നമ്പരുകളിൽ നിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഒന്ന് പൊതുവഴിയായി ഉപയോഗിക്കുന്നതും, മറ്റൊന്ന് സ്വകാര്യ വ്യക്തിയുടെ തരിശായി കിടക്കുന്ന സ്ഥലവുമാണ്.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതി പൂർത്തിയാവുമ്പോൾ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിലുള്ള ഒരു കേന്ദ്രമായി കലശമല ഇക്കൊ ടൂറിസം സ്പോട്ട് ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, പ്രാദേശിക ജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ സഷ്ഠിക്കപ്പെടുകയും ചെയ്യും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി തൃശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട അഗതിയൂർ, ചൊവ്വന്നൂർ വില്ലേജുകളിൽ നിന്നുമായി ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ഏതാനും കുടുംബങ്ങൾക്കും ചെറിയ തോതിലുള്ള വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠനസംഘം മനസിലാക്കുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം സമർപ്പിച്ച അർത്ഥനാപത്രത്തിൽ 6.5583 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പ്രദേശവാസികൾ പൊതുവായി ഉപയോഗിക്കുന്ന ചൊവ്വണ്ണൂർ വില്ലേജ് പരിധിയിലുള്ള പൊതു വഴി പദ്ധതിക്കായി അതായത് കലശമല ഇക്കൊ ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് വീതി കൂട്ടുന്നതിനായി ഏറ്റെടുക്കുന്നു.

### 4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

നാളത് ഭൂസ്ഥിതി പ്രകാരം തൃശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട അഗതിയൂർ, ചൊവ്വണ്ണൂർ എന്നീ വില്ലേജുകളിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതോ, പുറമ്പോക്ക് ഭൂമിയോ, പൊതു വഴിയോ ആകുന്നു. കലശമല ടൂറിസം കേന്ദ്രത്തിൻെറ വികസനത്തിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പദ്ധതിപ്രദേശത്തോട് ചേർന്ന് കിടക്കുന്നതോ, റോഡിന് അടുത്തു കിടക്കുന്നതോ ആയ സ്ഥലങ്ങളാണ്. പദ്ധതി പ്രദേശങ്ങൾ 2 പഞ്ചായത്തുകളിൽ (പോർക്കളം, ചൊവ്വന്നൂർ) ഉൾപ്പെടുന്നതും ഏറെക്കുറെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രാപ്യതയുള്ളതുമാണ്.

## 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 9 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് കലശമല വികസനത്തിനായി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ തരിശായി കിടക്കുന്നതും, റോഡ് വീതി കൂട്ടുന്നതിനായി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ താമസത്തിനോ, പൊതുവഴിയായോ ഉപയോഗിച്ചു വരുന്നതും ആകുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

സർവ്വെയിൽ പങ്കെടുത്ത 9 ഭൂവുടമകളും തങ്ങളുടെ സ്ഥലം പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് അറിയിച്ചു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളുടെ പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, പദ്ധതിബാധിത സ്ഥലങ്ങൾ താമസത്തിനായി ഉപയോഗിച്ചു വരുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ വലിയ തോതിലുള്ള കൃഷിയോ, മരങ്ങളോ ആർക്കും നഷ്ടപ്പെടുന്നില്ല. എങ്കിലും നിലവിൽ 3 ഭൂവുടമകൾക്ക് ചെറിയ രീതിയിലുള്ള പച്ചക്കറി തോട്ടമോ, നെല്ലി, പുളി, പ്ലാവ്, ബദാം, പൂള, അയിനി തുടങ്ങിയ മരങ്ങളോ നഷ്ടപ്പെടും.

## 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 9 ഭൂവുടമകളിൽ എല്ലാവരുടേതും വ്യക്തിഗത ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ്.

നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, പ്രധാനമായും ഉടമകൾക്കോ അവരുടെ മാതാപിതാക്കൾക്കോ ഗവൺമെൻറിൽ നിന്നും പട്ടയമായി ലഭിച്ച ഭൂമിയാണ്.

***ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്***

പദ്ധതിബാധിതരാകുന്ന 9 ഭൂവുടമകളിൽ, ഒരു ഭൂവുടമയുടെ (ഞാലിൽ സിദ്ധൻ) പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് 4 സെൻറ് മാത്രമാണ്. 2 ഭൂവുടമകൾക്ക് 6 സെൻറിനും 10 സെൻറിനും ഇടയിലും, 3 ഭൂവുടമകൾക്ക് 10 സെൻറിനും 20 സെൻറിനും ഇടയിലും, ഒരു ഭൂവുടമക്ക് 20 സെൻറിനും 30 സെൻറിനും ഇടയിലും, 2 ഭൂവുടമകൾക്ക് 30 സെൻറിന് മുകളിലും പദ്ധതിപ്രദേശത്ത് കൈവശ ഭൂമിയുണ്ട്.

സർവ്വേയിൽ പങ്കെടുത്ത പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 100 ശതമാനം (9) ഉടമകൾ പ്രസ്തുത സ്ഥലം താമസത്തിനു മാത്രമായി ഉപയോഗിക്കുന്നു.

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ യാതൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തൃശൂർ ജില്ലയിൽ കലശമല ഇക്കൊ ടൂറിസം വികസനത്തിനായി കുന്ദംകുളം താലൂക്കിലെ അകതിയൂർ വില്ലേജിൽ നിന്നും 6.4748 ഹെക്ടർ സ്ഥലവും, ചൊവ്വണ്ണൂർ വില്ലേജിൽ നിന്നും 0.0835 ഹെക്ടർ സ്ഥലവും ഉൾപ്പെടെ ആകെ ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവ നത്തിനായോ താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2022 മാർച്ച് 31 തീയതിയിലെ 1084 - ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തൃശൂർ ജില്ലാ കളക്ടറുടെ വിജ്ഞാപനത്തിൻെറ, 2022 ജൂൺ 10 തീയതിയിലെ തിരുത്തൽ വിജ്ഞാപന (1935 - ാം നമ്പർ കേരള ഗസറ്റ് അസാധാരണം) പ്രകാരം കലശമല ഇക്കൊ ടൂറിസം സ്പോട്ടിൻെറ വികസനത്തിനായി അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്നായി ഏകദേശം 6.4748 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളിൽ, 9 കുടുംബങ്ങളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| **I.** | **അകതിയൂർ വില്ലേജ്** | | |
| 1 | ശാരദ<br>W/O വേലായുധൻ,<br>പൊന്നാരശ്ശേരി വീട്,<br>അകതിയൂർ പി.ഒ,<br>82 8121 1970 | 428/4 | ▪ സ്ഥലം<br>▪ പശു തൊഴിത്ത്, മതിൽ എന്നിവ ബാധിതമാകും |
| 2 | കൊച്ചു<br>S/O കുഞ്ഞാത്തു, ഏറത്ത് വീട്, 89 4331 0563 | 428/3 | ▪ സ്ഥലം<br>▪ ചുറ്റുമതിൽ ഭാഗികമായി, ഗേറ്റ്, ഗേറ്റ് പില്ലർ |
| 3 | വേലായുധൻ<br>S/O ചമ്മിണി, പാടത്തുപടി കല്ലഴികുന്ന്, 99 4762 7034 | 24 (416/3) | ▪ സ്ഥലം<br>▪ പച്ചക്കറി, പുളി |
| 4 | തങ്ക<br>W/O മണി, പാറമേൽ വീട്<br>അകതിയൂർ പി.ഒ,<br>96 0584 3011 | 422/7 | ▪ സ്ഥലം |
| 5 | ജോൺ കെന്നഡി ചാഴൂർ ഹൗസ്, അഗതിയൂർ പി.ഒ<br>94 4651 4879 | 416/5 | ▪ സ്ഥലം |
| 6 | ശിവദാസൻ അയ്യമ്പറമ്പിൽ ഹൗസ്, അഗതിയൂർ പി.ഒ<br>90 4809 9261 | 416/10 | ▪ സ്ഥലം |
| 7 | രമ w/o സിദ്ധൻ<br>ഞാലിൽ ഹൗസ്,<br>98 9540 98 16 | 423/9 pt | ▪ സ്ഥലം, നെല്ലി, പച്ചക്കറി |
| 8 | രജനി d/o മാധവൻ<br>ഞാലിൽ ഹൗസ്<br>98 9540 9816 | 423/9 pt | ▪ സ്ഥലം, പ്ലാവ്, ബദാം, പൂള, അയിനി |
| 9 | സീത രാമ്യകഷ്ണൻ<br>കല്ലിളമ്പിൽ ഹൗസ് | 423/7 | ▪ സ്ഥലം, വീടിൻെറ സൺഷേഡിനെ ബാധിക്കുമോ എന്ന് ആശങ്ക |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായ് ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർവ്വെയിൽ പങ്കെടുത്ത 9 ഭൂവുടമകളും സർക്കാരിൽ നിന്നും തങ്ങൾക്ക് പട്ടയമായി ലഭിച്ച ഭൂമിയാണ് റോഡ് വീതി കൂട്ടുന്നതിനായി ഏറ്റെടുക്കുന്ന സ്ഥലമെന്ന് അറിയിച്ചു.

**5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ നഗരപ്രദേശങ്ങൾ അല്ല.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമികജീവനോപാധി യായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ**

*(ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിത രാകുന്നവർ)*

പരോക്ഷ ആഘാത ബാധിതർ ആരും തന്നെ പദ്ധതി പ്രദേശത്തില്ല.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ അകതിയൂർ വില്ലേജിലെ 3 ഭൂവുടമകളുടെ സ്ഥലത്ത് ചെറിയ രീതിയിലുള്ള പച്ചക്കറി തോട്ടമോ, നെല്ലി, പുളി, പ്ലാവ്, ബദാം, പൂള, അയിനി തുടങ്ങിയ വൃക്ഷങ്ങളോ ഉണ്ട്..

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബ്ബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ തൃശൂർ ജില്ലയിലെ കുന്ദംകുളം താലൂക്കിൽ ഉൾപ്പെട്ട അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്നുള്ള പ്രദേശങ്ങൾ ആണ്. ടി പദ്ധതി പ്രകാരം കലശമല ഇക്കൊ ടൂറിസം സ്പോട്ടിൻെറ വികസനത്തിനായി ഏറ്റെടുക്കുന്ന സ്ഥലം പോർക്കളം ഗ്രാമ പഞ്ചായത്തിലും ടൂറിസം സ്പോട്ടിലേക്കുള്ള റോഡിൻെറ വീതി കൂട്ടുന്നതിനായി ഏറ്റെടുക്കുന്ന സ്ഥലം പോർക്കളം, ചൊവ്വണ്ണൂർ എന്നീ പഞ്ചായത്ത് പരിധിക്കുള്ളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുമാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 9 ഉടമകൾ മാത്രമാണ് പദ്ധതി പ്രദേശത്തും സമീപത്തുമായി താമസിക്കുന്നത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ വിവരം നൽകിയ പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

പദ്ധതിബാധിത കുടുംബാംഗങ്ങളിൽ, 9 ഭൂവുടമകൾ മാത്രമാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്. അവരിൽ 3 ഭൂവുടമകളുടെ കുടുംബത്തിൽ 3 അംഗങ്ങൾ വീതവും, 2 പേരുടേതിൽ 4 അംഗങ്ങളും, 4 ഭൂവുടമകളുടെ കുടുംബത്തിൽ 5 ഒ അതിലധികമോ അംഗങ്ങളും ഉണ്ട്. ആകെയുള്ള 40 അംഗങ്ങളിൽ 21 പേർ പുരുഷന്മാരും 19 പേർ സ്ത്രീകളുമാണ്.

സർവ്വെയിൽ പങ്കെടുത്ത പദ്ധതിബാധിത കുടുംബങ്ങളിൽ, 8 കുടുംബങ്ങൾ ഹിന്ദുമതത്തിലും 1 കുടുംബം ക്രിസ്തുമതത്തിലും ഉൾപ്പെടുന്നു. കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിക്കുമ്പോൾ 4 കുടുംബങ്ങൾ പട്ടിക ജാതി വിഭാഗത്തിലും, 1 കുടുംബം പൊതു വിഭാഗത്തിലും, 4 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു. പട്ടിക വർഗ്ഗത്തിൽ പെട്ട കുടുംബങ്ങൾ പദ്ധതിബാധിതരിൽ ഉൾപ്പെടുന്നില്ല.

### 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം, വരുമാനം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

സർവ്വെയിൽ പങ്കെടുത്ത 9 പദ്ധതിബാധിത കുടുംബങ്ങളിൽ, 8 കുടുംബങ്ങളും ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങൾക്കുള്ള പിങ്ക് കളർ റേഷൻ കാർഡൊ (6), അതി ദരിദ്രർക്കുള്ള മഞ്ഞ കളർ റേഷൻ കാർഡോ (2) കൈവശം വച്ചിരിക്കുന്നവരാണ്. എന്നാൽ പദ്ധതി ബാധിതമാകുന്ന 1 കുടുംബം വെള്ള നിറത്തിലുള്ള റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബാംഗങ്ങളിലെ, ആകെ അംഗങ്ങളിൽ (40), 8 കുടുംബാംഗങ്ങൾ 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ, നാല് വിധവകളും, ബ്രെയിൻ ട്യൂമർ ബാധിച്ച 34 വയസ്സുള്ള ഒരു യുവാവടക്കം 4 മാറാ രോഗികളുമുണ്ട്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 9 കുടുംബങ്ങളും പദ്ധതിബാധിത ഭൂമി താമസത്തിനായി ഉപയോഗിക്കുന്നു. ടി പദ്ധതി മൂലം സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ ആരുടേയും ഉപജീവന മാർഗ്ഗമോ, വരുമാനമോ നഷ്ടപ്പെടുന്നില്ല.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

**6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പ്രദേശത്ത് വിവിധ വിധത്തിലുള്ള ചെറിയ മരങ്ങളുണ്ടെങ്കിലും പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും ദിവസ കൂലി തൊഴിലിനെയും, മറ്റ് തൊഴിലുകളെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്.

**6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

**6.8 ഭരണ സംഘടനകൾ**

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

**6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പോർക്കളം ഗ്രാമ പഞ്ചായത്തിൽ അകതിയൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കല്ലഴി കുന്നെന്നും, നരിമട കുന്നെന്നും അറിയപ്പെടുന്ന കലശമല കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജൈവ വൈവിധ്യ ടൂറിസ്റ്റ് കേന്ദ്രമാണ്. ഈ സ്ഥലം പൂർണ്ണമായും കാടിനാൽ ചുറ്റപ്പെട്ട് കിടക്കുന്നു. ഗുഹയും, വെള്ളച്ചാട്ടവും, ക്ഷേത്രവും കുടക്കല്ലുമൊക്കെ ഈ കുന്നിനെ ചുറ്റപ്പെട്ട് ഉള്ള പ്രധാന ആകർഷണങ്ങളാണ്. ഈ പ്രദേശം ചില വിശ്വാസങ്ങളാലും ചരിത്ര പരമായ കഥകളാലും ബന്ധപ്പെട്ട് കിടക്കുന്നു. കൂടാതെ, പല തരത്തിലുള്ള ആയുർവേദ സസ്യങ്ങളാലും ചെടികളാലും സമൃദ്ധമാണി പ്രദേശം. സന്ദർശകർക്ക് പ്രകൃതിയുടെ അഭൗമമായ സൗന്ദര്യം ആസ്വദിക്കാനുള്ള അവസരമാണ് ഇവിടം സന്ദർശിക്കുമ്പോൾ ലഭിക്കുന്നത്. എന്നാൽ, ടി പ്രദേശത്തെ ജനങ്ങൾക്ക് ടൂറിസത്തെക്കുറിച്ച് ശരിയായ അവബോധമില്ലാത്തത് മൂലം ഇവിടം ഇപ്പോൾ അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമല്ല. എന്നാൽ, ഈ സ്ഥലത്തിന്റെ

പ്രത്യേകതകൾ വച്ച് നോക്കുമ്പോൾ കലശമലയെ നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് വേണ്ട എല്ലാ സാധ്യതകളുമുണ്ട്.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിന്റെ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന ഏതാനും പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് പഠന സംഘം പദ്ധതിബാധിത കുടുംബങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. നേരിൽ കാണുവാൻ കഴിയാതിരുന്ന ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിന്റെ അടുത്ത ഘട്ടമായ് 26.09.2022 തീയതിയിൽ കലശമല ഇക്കൊ ടൂറിസം ഹാളിൽ ഹാളിൽ പകൽ 11 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതിബാധിതർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകും.

## 7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കലശമല ഇക്കോ ടൂറിസ്റ്റ് കേന്ദ്രത്തിൻെറ വികസനത്തിനും അതിലേക്കുള്ള റോഡിൻെറ വീതി കൂട്ടുന്നതിനും വേണ്ടി തൃശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട അകതിയൂർ, ചൊവ്വന്നൂർ വില്ലേജുകളിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപനം എന്നിവ പദ്ധതിബാധിതർക്ക് നൽകുക.
- ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങളിൽ ആരുടെയെങ്കിലും വീടിന് അറ്റകുറ്റപണി ആവശ്യമായി വരുന്ന സാഹചര്യത്തിൽ, ടി കുടുംബത്തിൻെറ താമസത്തിന് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാത്ത വിധത്തിൽ യഥാസമയം പുനസ്ഥാപന നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ് യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കലശമല ഇക്കൊ ടൂറിസം വികസനത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

## 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിയുടെ നിർമ്മാണം 2 ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ടൂറിസ്റ്റ് കേന്ദ്രത്തിൻെറ അകത്തുള്ള റോഡ് വികസിപ്പിക്കൽ, പാർക്കിങ്ങ് ഏരിയ, പ്രവേശന ഗേറ്റ്, ടിക്കറ്റ് കൗണ്ടർ, വാച്ച്മാൻ കാബിൻ, വ്യൂവിങ്ങ് ഗാലറിയും, ഭക്ഷണശാലയും, ടോയ്‌ലറ്റും ഉൾപ്പടെയുള്ള രണ്ട് നില കെട്ടിടം, വ്യൂവിങ്ങ് ടെലസ്കോപ്പ്, കുട്ടികളുടെ പാർക്കും അതിലെ നടപ്പാതയും, മഴ വെള്ളം സംഭരിക്കുന്ന കുളം, വഴിയോര ഇരിപ്പിടങ്ങൾ, സോളാർ ലൈറ്റുകൾ, അതിർത്തി വേലികൾ, അടയാള / വിവരണ ബോർഡുകൾ, വൈദ്യുതീകരണം, കുടിവെള്ള ശുചിത്വ പ്രവർത്തനങ്ങൾ, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, മലിന ജല സംസ്കരണ പ്ലാൻറുകൾ, ആംഫി തിയറ്റർ എന്നിവയാണ് ഒന്നാം ഘട്ടത്തിലെ പ്രധാന നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ. പദ്ധതിയുടെ രണ്ടാം ഘട്ടം പ്രധാനമായും ടൂറിസ്റ്റ് കേന്ദ്രത്തിന്

പുറത്തുള്ള റോഡ് വികസനവും നരിമട വികസനവുമായി ബന്ധപ്പെട്ടതാണ്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപയും രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

## 7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

അഗതിയൂർ വില്ലേജിൽ സീത (423/7) എന്ന ഭൂവുടമയുടെ വീടിനോട് വളരെ ചേർന്ന് റോഡ് പോകുമ്പോൾ വീടിൻെറ സൺഷേഡിനെ ബാധിക്കുമോ എന്ന ആശങ്ക ഉള്ളതിനാൽ വസ്തുത പരിശോധിച്ച്, രൂപ രേഖയിൽ സാധ്യമായ മാറ്റങ്ങൾ പരിഗണിക്കേണ്ടതാണ്. പദ്ധതിയുടെ രൂപരേഖയിൽ മറ്റ് മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല. കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

## 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപന ത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ–പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമിഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാ രിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപന ത്തിനു മുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ഭൂവുടമകളുടെ സാന്നി ധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തു കയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 3 | പ്രവേശനമാർഗ ം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം നഷ്ടമാകാതിരിക്കുന്നതിനു ള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശത്തെ | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

| | | | | |
|---|---|---|---|---|
| | | വീടുകളിലേക്കും വസ്തുവകകളിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം. | | |
| 4 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 5 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്ന തിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് തൃശൂർ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), തൃശൂർ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ-പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ-പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി

ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ കലശമല ഇക്കോ ടൂറിസം സ്പോട്ടിന്റെ വികസനത്തിനും അതിലേക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനും വേണ്ടി തൃശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിൽ ഉൾപ്പെട്ട അകതിയൂർ, ചൊവ്വന്നൂർ എന്നീ വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2022 മാർച്ച് 31 തീയതിയിലെ 1084 - ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തൃശൂർ ജില്ലാ കളക്ടറുടെ വിജ്ഞാപനത്തിന്റെ, 2022 ജൂൺ 10 തീയതിയിലെ തിരുത്തൽ വിജ്ഞാപനത്തിലൂടെ (1935 - ാം നമ്പർ കേരള ഗസറ്റ് അസാധാരണം) റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

### 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

കലശമല ഇക്കോ ടൂറിസം പദ്ധതിക്ക് വേണ്ടി ടൂറിസം സ്പോട്ടിലേക്കുള്ള റോഡ് വീതി കൂട്ടുമ്പോൾ ഒരു ഭൂവുടമയുടെ വീടിന്റെ സൺഷേഡ് ഉൾപ്പടെ 3 ഭൂവുടമകളുടെ ചുറ്റുമതിൽ, തൊഴുത്ത്, ഗേറ്റ്, ഗേറ്റ് പില്ലർ, തുടങ്ങിയ നിർമ്മിതികളിൽ ഏതെങ്കിലും പദ്ധതി ബാധിതമായേക്കാം. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

### 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ എന്നീ വില്ലേജുകളിലെ 38 സർവ്വെ നമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ കളക്ടർ, തൃശൂർ പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), തൃശൂർ ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ

തയ്യാറാക്കുന്ന പുനരധിവാസ-പുനസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും അംഗീകാരം നൽകുകയും ചെയ്യണം.

**10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി**

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

## 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

പരിസ്ഥിതിയോടിണങ്ങി മനുഷ്യന്റെയും പ്രകൃതിയുടേയും ആരോഗ്യത്തിനും നിലനിൽപ്പിനും പ്രാധാന്യം നൽകുന്ന ആസൂത്രിതമായ വിനോദ സഞ്ചാരമാണ് ഇക്കോ ടൂറിസം. പരിസ്ഥിതിയെ കുറിച്ച് ശരിയായ പഠനം നടത്താതെ ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള വികസന പദ്ധതികളിൽ നിന്ന് വ്യത്യസ്ഥമായി പ്രകൃതിക്കിണങ്ങും വിധം ഉള്ള പദ്ധതികളിലൂടെ നേട്ടം ഉണ്ടാക്കുകയാണ് ഇക്കോ ടൂറിസം കൊണ്ട് ലക്ഷ്യമിടുന്നത്.

പോർക്കളം ഗ്രാമ പഞ്ചായത്തിൽ അകതിയൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കല്ലഴി കുന്നെന്നും, നരിമട കുന്നെന്നും അറിയപ്പെടുന്ന കലശമല കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജൈവ വൈവിധ്യ ടൂറിസം സ്പോട്ടാണ്. ഈ സ്ഥലം പൂർണ്ണമായും കാടിനാൽ ചുറ്റപ്പെട്ട് കിടക്കുന്നു. ഗുഹയും, വെള്ളച്ചാട്ടവും, ക്ഷേത്രവും കുടക്കല്ലുമൊക്കെ ഈ കുന്നിനെ ചുറ്റപ്പെട്ട് ഉള്ള പ്രധാന ആകർഷണങ്ങളാണ്. ഈ പ്രദേശം ചില വിശ്വാസങ്ങളാലും ചരിത്ര പരമായ കഥകളാലും ബന്ധപ്പെട്ട് കിടക്കുന്നു. കൂടാതെ, പല തരത്തിലുള്ള ആയുർവേദ സസ്യങ്ങളാലും ചെടികളാലും സമൃദ്ദമാണി പ്രദേശം. സന്ദർശകർക്ക് പ്രകൃതിയുടെ അഭൗമമായ സൗന്ദര്യം ആസ്വദിക്കാനുള്ള അവസരമാണ് ഇവിടം സന്ദർശിക്കുമ്പോൾ ലഭിക്കുന്നത്. എന്നാൽ, ടി പ്രദേശത്തെ ജനങ്ങൾക്ക് ടൂറിസത്തെക്കുറിച്ച് ശരിയായ അവബോധമില്ലാത്തത് മൂലം ഇവിടം ഇപ്പോൾ അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമല്ല. ഈ സ്ഥലത്തിന്റെ പ്രത്യേകതകൾ വച്ച് നോക്കുമ്പോൾ കലശമലയെ നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് വേണ്ട എല്ലാ സാധ്യതകളുമുണ്ട്. ഈ സാധ്യതകൾ കണക്കിലെടുത്തുകൊണ്ടും പ്രാദേശിക ജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ സഷ്ഠിച്ചുകൊണ്ടും ജൈവ വൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന

ലക്ഷ്യത്തോടേയും കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു.

ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ആസ്തികൾ ചെറിയ തോതിൽ നഷ്ടമാവുകയും ചെയ്യുന്നുണ്ട്. ഒരു ഭൂവുടമയുടെ വീടിൻെറ സൺഷേഡ് പദ്ധതി ബാധിതമായേക്കാം, കൂടാതെ, ചുറ്റുമതിൽ, തൊഴുത്ത്, ഗേറ്റ്, ഗേറ്റ് പില്ലർ, തുടങ്ങിയ ഏതാനും നിർമ്മിതികളും കുറച്ച് വൃക്ഷങ്ങളും പച്ചക്കറി കൃഷിയും ചില ഭൂവുടമകൾക്ക് മാറ്റേണ്ടി വരും. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും കലശമല ഇക്കൊ ടൂറിസം സ്പോട്ടിനെ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ നിർമ്മാണ / നവീകരണ പ്രവർത്തികൾ നടത്തിയും പ്രദേശത്തെക്കുള്ള റോഡിൻെറ വീതി കൂട്ടി ഗതാഗതം സുഗമമാക്കി, പ്രദേശവാസികളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിച്ച് പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഏറെകുറെ എല്ലാ ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂലമനോഭാവമാണ് എന്ന് മനസിലാക്കുന്നു.

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കലശമല ടൂറിസം വികസനത്തിനായി തൃശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചൊവ്വണ്ണൂർ എന്നീ വില്ലേജുകളിൽ നിന്ന് ഏകദേശം 6.5583 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്ന് മാത്രമല്ല, പ്രദേശവാസികളുടെ തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയും, ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാവുകയും ചെയ്യും എന്നതിനാൽ പദ്ധതിബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും

പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യഥാസമയും നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങളിൽ ആരുടെയെങ്കിലും വീടിന് അറ്റകുറ്റപണി ആവശ്യമായി വരുന്ന സാഹചര്യത്തിൽ, ടി കുടുംബത്തിൻെറ താമസത്തിന് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാത്ത വിധത്തിൽ യഥാസമയം പുനസ്ഥാപന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം.
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2022 മാർച്ച് 31 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1084 ൽ പ്രസിദ്ധപ്പെടുത്തിയ റവന്യൂ(ബി)വകുപ്പിൻെറ 2022 മാർച്ച് 31 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P) No 120/2022/RD.
6. 2022 ജൂൺ 06 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1935 ൽ പ്രസിദ്ധപ്പെടുത്തിയ റവന്യൂ(ബി)വകുപ്പിൻെറ 10/06/2022 തീയതിയിലെ തിരുത്തൽ വിജ്ഞാപനം.